A

802

# സമഗ്ര ശിക്ഷാ, കേരളം

# അർധവാർഷിക മൂല്യനിർണയം 2023-24

## മലയാളം

## കേരളപാഠാവലി

ക്ലാസ് : 8

സമയം : 1½ മണിക്കൂർ

ആകെ സ്കോർ : 40

**നിർദേശങ്ങൾ**

- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസസമയമാണ്.
- ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം വിനിയോഗിക്കണം.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് ഉത്തരമെഴുതണം.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

**1 മുതൽ 5 വരെ ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരമെഴുതുക. 1 സ്കോർ വീതം.**

**(4 x 1 = 4)**

1. ഉള്ളലിഞ്ഞോതിനേൻ: "എൻ ചോറുമാ കഞ്ഞി-
വെള്ളത്തിലിട്ടു വിളമ്പിക്കൊള്ളൂ.''

   വരികളിൽ പ്രകടമാകുന്നത്?

   - കാപട്യം
   - കോപം
   - അനുകമ്പ
   - അസൂയ

2. മാതൃകപോലെ എഴുതുക.

   - നദീജലം - നദിയിലെ ജലം
   - അശാന്തനഗരം - ............................

3. 'അമ്മമ്മ' എന്ന കഥാപാത്രത്തിന് യോജിക്കാത്ത വിശേഷണം?

   - പിഞ്ഞിക്കീറിയ പേഴ്സ്
   - കരച്ചിൽ വടുകെട്ടിയ മുഖം
   - പുഞ്ചിരിക്കുന്ന മുഖം
   - വെപ്രാളപ്പെട്ട നടത്തം

4 ശരിയായി പിരിച്ചെഴുതിയത് ഏത്?

   - കളിയരങ്ങ് - കളി, അരങ്ങ്
   - കഥയാടുമ്പോൾ - കഥ, യാടുമ്പോൾ
   - കളിപ്പെട്ടി - കളി, പ്പെട്ടി
   - അണിയറ - അണി, യറ

(മറുപുറം)

5. "ഈ അപൂർണതയ്ക്ക് ഒരു ഉപശാന്തി എന്നപോലെ പ്രകൃതി വാരിവിതറുന്ന മറ്റൊരു പൊൻനാണയം ഇവിടെ സമൃദ്ധമായി വിളയുന്നുണ്ട്."

അടിവരയിട്ട പദം സൂചിപ്പിക്കുന്നത്?

- മേഘത്തെ
- സ്വർണനാണയത്തെ
- പൂക്കളെ
- മഴയെ

**6 മുതൽ 8 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. 2 സ്കോർ വീതം**

**(2 x 2=4)**

6. 'ഓടിക്കളിക്കുന്നുണ്ടാ 'പഷ്ണി'ക്കഞ്ഞിയി-
ലോരോ നെടിയരിവറ്റുമാത്രം.'

(വേദം)

വരികളിൽ തെളിയുന്ന രണ്ട് സൂചന എഴുതുക.

7. • കാലത്തിന്റെ ഇരുണ്ടവഴിയിൽ ഒറ്റപ്പെട്ടു.
• ആരുടെയും സഹായത്തിനു കാക്കാതെ സ്വയം കരുത്താർജിക്കുകയായിരുന്നു അമ്മ."

(ഭൂമിയുടെ സ്വപ്നം)

സൂചനകളിൽനിന്ന് അമ്മയുടെ ജീവിതാവസ്ഥയെക്കുറിച്ചുള്ള രണ്ട് നിരീക്ഷണങ്ങൾ കുറിക്കുക.

8. **അർഥവ്യത്യാസം വരാതെ രണ്ട് വാക്യമാക്കുക.**

ഒരു വീട്ടിൽ ഉള്ളവർക്കെല്ലാംകൂടി അത്താഴത്തിനു മൂന്നിടങ്ങഴി അരിയുടെ ചോറുമതിയെന്നിരുന്നാലും അവിടെ പതിനഞ്ചിടങ്ങഴി അരിയാണു വയ്ക്കുന്നത്.

**9 മുതൽ 14 വരെ ചോദ്യങ്ങളിൽ 5 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 4 സ്കോർ വീതം.**

**(5 x 4=20)**

9. "വേഷക്കൊഴുപ്പിൽ ആശാന്റെ യവനനെ വെല്ലാൻ ആരുമില്ലെന്ന് വിധിയെഴുതി വിവരമുള്ളവർ."

"യവനനെ കണ്ടാൽ ഞെട്ടുകതന്നെ വേണം."

(കീർത്തിമുദ്ര)

താൻ ചെയ്യുന്ന ഏത് വേഷവും മനോഹരമാക്കണമെന്നുള്ള ആത്മാർഥതയാണ് കീർത്തിമുദ്രയിലെ ആശാനെ വ്യത്യസ്തനാക്കുന്നത്.

സന്ദർഭവും പാഠഭാഗവും വിശകലനം ചെയ്ത് പ്രസ്താവനയോട് പ്രതികരിക്കുക.

(മറുപുറം)

10. “താരകാമണിമാല ചാർത്തിയാലതും കൊള്ളാം!
കാറണിച്ചളി നീളെപ്പുരണ്ടാലതും കൊള്ളാം;
ഇല്ലിഹ സംഗം ലേപമെന്നിവ; സമസ്വച്ഛ-
മല്ലയോ വിഹായസ്സ്,വ്വണ്ണമെൻ ഗുരുനാഥൻ.”

(എന്റെ ഗുരുനാഥൻ)

കാവ്യപരമായ സവിശേഷതകൾ കുറിക്കുക.

11. “ധനസമ്പാദനമോ സ്വകാര്യമായ ഉയർച്ചയോ അല്ല, രാഷ്ട്രത്തിനുവേണ്ടി എന്തു നൽകാനാവുമെന്ന ചിന്ത മാത്രമേ ഉണ്ണിയിൽ ഉണ്ടാകാവൂ...”

( ഭൂമിയുടെ സ്വപ്നം )

അമ്മയുടെ വിശാലമായ കാഴ്ചപ്പാടാണോ ഈ വാക്യത്തിൽ കാണുന്നത്? പാഠഭാഗത്തിലെ സന്ദർഭങ്ങൾ വിശകലനം ചെയ്ത് കുറിപ്പു തയ്യാറാക്കുക.

12. “വണ്ടിയില്ല, വള്ളമില്ല. കാൽനടതന്നെ അവലംബം.”
“അന്യന്മാരുടെ ഔദാര്യത്തിൽ ദൃഢമായി വിശ്വസിച്ചുകൊണ്ടുള്ള പോക്കാണ് ഇത്.”

(വഴിയാത്ര)

നൽകിയിരിക്കുന്ന സന്ദർഭങ്ങൾ വിലയിരുത്തി പണ്ടത്തെ യാത്രയുടെ സവിശേഷതകൾ വ്യക്തമാക്കുക.

13. “ഉമ്മ വിളമ്പിയ ചോറിന്നു മുൻപിൽ ഞാൻ
ചുമ്മാ മുഖം കറുപ്പിച്ചിരുന്നു.”

“നീറുമെന്നുള്ളം കുറുകീ: പഴയരി-
ച്ചോറെനിക്കുണ്ടല്ലോ വേണ്ടുവോളം;”

(വേദം)

കുട്ടിയുടെ വ്യത്യസ്ത മനോഭാവമാണല്ലോ വരികളിൽ തെളിയുന്നത്? താരതമ്യം ചെയ്ത് കുറിപ്പു തയ്യാറാക്കുക.

www.educationobserver.com

14. • പൂന്തോട്ടത്തിൽ രാജാക്കൻമാരുടെ പരിലാളനയേറ്റ് വളരുന്ന പൂവല്ലി.
• ആരും പരിചരിക്കാതെ എവിടെയെങ്കിലും പൊട്ടിമുളക്കുന്ന പാഴ്വള്ളി.
- സൂര്യന് ഇവ രണ്ടും ഒരുപോലെയാണ്.

സൂചനകൾ പരിഗണിച്ച് പ്രകൃതി നൽകുന്ന പാഠങ്ങളെക്കുറിച്ച് നിങ്ങളുടെ അഭിപ്രായം എഴുതുക.

(മറുപുറം)

**15 മുതൽ 17 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 6 സ്കോർ വീതം.** **(2 x 6=12)**

15. "ലോകമേ തറവാടു തനിക്കീ,ച്ചെടികളും
പുൽകളും പുഴുക്കളും കൂടിത്തൻ കുടുംബക്കാർ;" (എന്റെ ഗുരുനാഥൻ)

സർവചരാചരങ്ങളെയും സ്വന്തം കുടുംബക്കാരായിക്കണ്ട മഹാത്മാവാണ് ഗാന്ധിജി. കവിതയിലെ വരികളും മേൽ സൂചിപ്പിച്ച പ്രസ്താവനയും വിലയിരുത്തി ഗാന്ധിജിയെക്കുറിച്ച് സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ പ്രസംഗം തയ്യാറാക്കുക.

16. "അങ്ങനെ തികച്ചും മതേതരവും മാനവികതയിൽ ഉറച്ചുനിൽക്കുന്നതുമായ ഒരു പുതിയ യുഗപ്പിറവിയായി മാറി ദുരന്തം വിതച്ച പ്രളയം."
"മുമ്പ് പരസ്പരം മിണ്ടുകപോലും ചെയ്തിട്ടില്ലാത്തവർ സ്വന്തക്കാരായി ഒരുമിച്ചു താമസിച്ചു." (മാനവികതയുടെ തീർത്ഥം)

2018- ലെ പ്രളയത്തെ അതിജീവിച്ചത് മാനവസ്നേഹത്തിന്റെ ഉത്തമോദാഹരണമാണ്. തന്നിരിക്കുന്ന സൂചനകൾ വിലയിരുത്തി 'പ്രകാശം പരത്തുന്ന മനുഷ്യജീവിതങ്ങൾ' എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക.

17. ആശയം, ആസ്വാദനാംശങ്ങൾ, പ്രയോഗഭംഗി എന്നിവ പരിഗണിച്ച് കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

**അമ്മ വിളിക്കുന്നു**

അമ്മ വിളിക്കുന്നു;
"പോരുവിൻ മക്കളേ!
അമ്മയോടൊപ്പം
നടക്കുവിൻ മക്കളേ!..."
അമ്മയോടൊത്തു
നടക്കുക!-അമ്മ തൻ
അൻപിനോടൊത്തു
നടക്കുക! അൻപുറ്റൊ-
രമ്മ തൻ സ്വപ്ന-
പാഥേയമെടുത്തുകൊൾ-
കമ്മ തൻ സൂര്യ-
ത്തിടമ്പിനെ നമ്മുടെ
നെഞ്ചോടു ചേർത്തു
പിടിച്ചു നടക്കുക!
എന്നുമീയമ്മയ്ക്കു
താങ്ങായ് നടക്കുക!

(ഒ.എൻ.വി കുറുപ്പ്)

അൻപ് - സ്നേഹം
പാഥേയം - പൊതിച്ചോറ്